DESPATCHED
On. 1-9-21.....

13/8/21


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം-695 001**

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic.ker@nic.in


ഹർജി നമ്പർ **AP 549(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.5297/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2021 ആഗസ്റ്റ് 13

ശ്രീ. നിസ്സാം എച്ച്.,
എ.എ. ഹൗസ്,
ചെമ്പൂര് എൽ.പി.എസിനു സമീപം,
മുദാക്കൽ പി.ഒ., തിരുവനന്തപുരം-695 103.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഊർജ്ജ (എ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
   ഊർജ്ജ (എ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 3.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 8.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21.6.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 9.8.2021 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നിസ്സാം എച്ച്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 23.11.2020 -ന് ഊർജ്ജ (എ) വകുപ്പ് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടിക്രമങ്ങളുടെ വിവരം ലഭിക്കുന്നതിനായി 4.1.2021-ന് ഒന്നാം എതിർകക്ഷിയ്ക്ക് അയച്ച വിവരാവകാശ അപേക്ഷയിന്മേൽ മറുപടി ലഭിക്കാത്തതിനെ തുടർന്ന് 8.2.2021 - ന്

രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ നൽകി എന്നും എന്നാൽ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുന്ന തീയതി വരെയും ടിയാന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 4.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടിയാൻ 23.11.2020 തീയതി ഊർജ്ജ (എ) വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ച എല്ലാ വിവരവും ലഭ്യമാക്കി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 3.2.2021 നും തുടർന്ന് ടിയാൻ നൽകിയ ഒന്നാം അപ്പീലിനും 8.3.2021 നും മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 4.1.2021 തീയതി എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് 8.2.2021 തീയതി അപ്പീൽ അധികാരിയ്ക്ക് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭ്യമായിട്ടില്ല എന്നതാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലിലെ ആക്ഷേപമെന്നും ടിയാൻ 23.11.2020 തീയതി ഊർജ്ജ (എ) വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ PWR-4067/A2/2015/PD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാണ് 4.1.2021 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും ടി അപേക്ഷ്ക്കുള്ള മറുപടി ലഭ്യമായിട്ടില്ലെണ് ആരോപിച്ചു കൊണ്ടാണ് 8.2.2021 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നത് എന്നും 11.2.2021 തീയതി ഊർജ്ജ വകുപ്പിൽ ലഭ്യമായ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ യുടെ 3.2.2021 ലെ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തുകൊണ്ട് 8.3.2021 ന് അപ്പലേറ്റ് അതോറിറ്റി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ നേരിട്ട് സമർപ്പിച്ചതും മറ്റ് വകുപ്പുകൾ മുഖേന കൈമാറി വന്നതുമായി വിവരാവകാശ നിയമ പ്രകാരമുള്ള നിരവധി അപേക്ഷകൾ ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ നല്ലൊരു പങ്കും ടിയാനുമായി ബന്ധപ്പെട്ട് ഊർജ്ജ വകുപ്പിൽ നിലവിലുള്ള 4067/എ2/2015/ഉ.വ ഫയലിൽ ടിയാൻ നിരന്തരം സമർപ്പിക്കുന്ന അപേക്ഷകളെ തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിക്കുന്ന രേഖകളാണ് ആവശ്യപ്പെട്ടു വരുന്നതെന്നും മേൽപ്പറഞ്ഞ അപേക്ഷകൾക്കുള്ള മറുപടിയായി പ്രസ്തുത ഫയലിലെ പ്രസക്തമായ ഭാഗങ്ങളുടെ പകർപ്പ് ടിയാൻ ആവശ്യപ്പെട്ടതനുസരിച്ച് വിവരാവകാശ നിയമ പ്രകാരം യഥാസമയം അപേക്ഷകന് ലഭ്യമാക്കിയിട്ടുണ്ടെന്നും ഹർജിക്കാരന് അനുകൂലമായി കെ.എസ്.ഇ.ബി ലിമിറ്റഡിനും സർക്കാരിനും ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റ് ആനുകൂല്യങ്ങൾ നൽകുന്ന വിഷയം 4067/എ2/2015/ഉ.വ നമ്പർ ഫയലിൽ പരിഗണിച്ചു വരികയാണെന്നും ശ്രീ. നിസ്സാം സമർപ്പിച്ച എല്ലാ വിവരാവകാശ അപേക്ഷകൾക്കും സമയബന്ധിതമായി ടി വകുപ്പിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം/രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ശ്രീ. നിസ്സാം ടിയാനുമായി ബന്ധപ്പെട്ട് ഊർജ്ജ വകുപ്പിൽ നിലവിലുള്ള 4067/എ2/2015/ഉ.വ നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിക്കുന്ന രേഖകളാണ് നേരിട്ടും മറ്റ് വകുപ്പുകൾ മുഖേനയും വിവരാവകാശ നിയമ പ്രകാരം

ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന രണ്ടാം അപ്പീൽ അപേക്ഷകളിൽ, ടിയാൻ സമർപ്പിക്കുന്ന വിവരാവകാശ അപേക്ഷകൾക്ക് എസ്.പി.ഐ.ഒ, അപ്പീൽ അധികാരി എന്നിവർ സമയബന്ധിതമായി മറുപടി നൽകുന്നില്ല എന്ന ആക്ഷേപമാണ് ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ എതിർകക്ഷികൾ ലഭ്യമാക്കി വരുന്ന റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ ടിയാന്റെ അപേക്ഷകൾക്ക് കൃത്യമായും സമയബന്ധിതമായും മറുപടി നൽകി വരുന്നുണ്ടെന്നു കമ്മീഷന് ബോധ്യമാകുന്നു. എസ്.പി.ഐ.ഒ ദൈനംദിന ജോലികൾക്ക് ഒപ്പമാണ് അവരുടെ വിവരാവകാശ ഓഫീസർ എന്ന നിലയിലുള്ള കർത്തവ്യങ്ങളും നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ തന്നെ ഹർജിക്കാരനുമായി ബന്ധപ്പെട്ട ഫയലിൽ ഭരണപരമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന ഉദ്ദേശത്തോടുകൂടി നിരന്തരമായി വിവരാവകാശ അപേക്ഷകൾ അയച്ചു കൊണ്ടിരിക്കുന്നത് എതിർകക്ഷി ഓഫീസിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെ സാരമായി ബാധിക്കുമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ബഹു. സുപ്രീംകോടതി CBSE Vs. Aditya Bandopadhyay & others (CA 6454 of 2011) എന്ന കേസിൽ താഴെപ്പറയും പ്രകാരം വിധി കൽപ്പിക്കുകയുണ്ടായി :-

" Indiscriminate and impractical demands or directions under the RTI Act for disclosure of all and sundry information (unrelated to transparency and accountability in the functioning of public authorities and eradication of corruption) would be counter-productive as it would adversely affect the efficiency of the administration and result in the executive getting bogged down with the non-productive work on collecting and furnishing information. The Act should not be allowed to be misused or abused, to become a tool to obstruct the national development and integration, or to destroy the peace, tranquility, and harmony among the citizens. Nor should it be converted into a tool of oppression or intimidation of honest officials striving to do their duty. The nation does not want a scenario where 75% of the staff of public authorities spends 75% of their time in collecting and furnishing information to applicants instead of discharging their regular duties. The threat of penalties under the RTI Act and the pressure of the authorities under the RTI Act should not lead to employees of public authorities prioritising 'information furnishing', at the cost of their normal and regular duties".

6. ഊർജ്ജ (എ) വകുപ്പിൽ ടിയാനുമായി ബന്ധപ്പെട്ട് നിലവിലുള്ള സമാന വിഷയത്തിൽ കമ്മീഷൻ മുമ്പാകെ 16.4.2021 ന് സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ എ.പി. 501(1)/2021/എസ്.ഐ.സി. നമ്പറായി ഫയലിൽ സ്വീകരിച്ച് 3.8.2021 ന് ഹർജിക്കാരനെ നേരിൽ കേട്ട് കമ്മീഷൻ തീർപ്പാക്കിയിട്ടുള്ളതാണ്. വീണ്ടും സമാന വിഷയത്തിൽ ഹർജിക്കാരൻ സമർപ്പിച്ച ഈ അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 11.8.2021 ന് ഹിയറിംഗ് നടത്തുന്നതിന് ലിങ്ക് അയ്ക്കുന്ന കാര്യം അറിയിക്കുന്നതിനായി ഹർജിക്കാരനെ ഫോൺ മുഖേന കമ്മീഷൻ ഓഫീസിൽ നിന്നും വിളിച്ചപ്പോൾ

ടിയാൻ ഫോൺ എടുക്കുകയോ തിരികെ ബന്ധപ്പെടുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഗൂഗിൾ മീറ്റ് ലിങ്ക് അയച്ചു കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ രണ്ടാം എതിർകക്ഷി റിപ്പോർട്ട് ചെയ്തത് പോലെ ഒരേ വിഷയത്തിൽ തന്നെ നിരന്തരമായി വിവരാവകാശ നിയമ പ്രകാരം അപേക്ഷകൾ അയച്ച് ഒരു ഓഫീസിന്റെ ദൈനംദിന ജോലി തടസ്സപ്പെടുത്തുന്നത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമായി കമ്മീഷൻ നിരീക്ഷിക്കുന്നു.

7. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷക്കും അപ്പീലിനും സമയബന്ധിതമായി എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടി ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ആഗസ്റ്റ് 13-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bnk

RIGHT TO INFORMATION